(ബി) സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

4 (626) മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ വിദേശ പര്യടനം

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ വൈദ്യുതി വകുപ്പുമന്ത്രി വിദേശ പര്യടനം നടത്തിയപ്പോഴുള്ള ഹോട്ടൽ ബില്ലുകൾ സർക്കാരിന് നൽകിയിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറൽ 1998 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ ബില്ലുകൾ കിട്ടിയിട്ടില്ലെന്നാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ യാത്ര ഔദ്യോഗിക യാത്രയായിരുന്നോ;

(ഡി) മന്ത്രി താമസിച്ചിരുന്ന ഹോട്ടലുകളിൽ നിന്നും ലഭിച്ച ബില്ലുകളിലെ തുക നൽകിയിട്ടില്ലെന്ന അറിയിപ്പ് എന്തെങ്കിലും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഹോട്ടൽ ചെലവുകൾക്കുള്ള തുക ബന്ധപ്പെട്ട മന്ത്രി ഹോട്ടലുകൾക്ക് നൽകിയതായി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള ബില്ലുകൾ സർക്കാരിന് നൽകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(ജി) ഈ ഹോട്ടൽ ബില്ലുകൾ മന്ത്രിയുടെ യാത്ര സ്പോൺസർ ചെയ്ത വിദേശ കമ്പനി ഹോട്ടലുകൾക്ക് നൽകിയിട്ടുണ്ടോ എന്ന വിവരം ഗവൺമെന്റിനറിവുണ്ടോ;

(എച്ച്) ഇക്കാര്യത്തിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരാമർശത്തിന് മറുപടി എന്തെങ്കിലും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എച്ച്) ഏത് മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ കാര്യമാണ് ചോദ്യത്തിൽ ഉന്നയിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

5 (628) ക്രീമിലെയർ നിർണ്ണയിക്കുന്നതിനുള്ള കമ്മിഷൻ

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly